**മധുരമായ കുട്ടികളെ - സദാ സന്തോഷത്തിലിരിക്കൂ, നമ്മെ ആരാണ് പഠിപ്പിക്കുന്നത്, അതിനാൽ ഇതും മന്മനാഭവയാണ്, നിങ്ങൾക്ക് സന്തോഷമുണ്ട് ഇന്നലെ നമ്മൾ കല്ലു ബുദ്ധികളായിരുന്നു, ഇന്ന് പവിഴബുദ്ധിയുള്ളവരായി മാറിയിരിക്കുകയാണ്.**

**ചോദ്യം -** ഭാഗ്യം തുറക്കുന്നതിന്റെ ആധാരമെന്താണ്?
**ഉത്തരം -** നിശ്ചയം. അഥവാ ഭാഗ്യം തുറക്കാൻ വൈകുകയാണെങ്കിൽ ലക്ഷ്യത്തിലെത്താൻ വൈകും. നിശ്ചയബുദ്ധിയുള്ളവർ നല്ല രീതിയിൽ പഠിച്ച് കുതിച്ചുകൊണ്ടേയിരിക്കും. ഏതെങ്കിലും കാര്യത്തിൽ സംശയമുണ്ടെങ്കിൽ പുറകിലായിപ്പോകും. ആരാണോ നിശ്ചയബുദ്ധിയുള്ളവരായി മാറി തന്റെ ബുദ്ധിയെ ബാബയിലേക്ക് ഓടിച്ചുകൊണ്ടേയിരിക്കുന്നത് അവർ സതോപ്രധാനമായി മാറും.

**ഓം ശാന്തി**. വിദ്യാർത്ഥികൾ സ്ക്കൂളിൽ പഠിക്കുമ്പോൾ നമ്മൾ പഠിച്ച് എന്തായി മാറാനുള്ളതാണ് എന്ന് അവർക്ക് അറിയാൻ കഴിയും. മധുര-മധുരമായ ആത്മീയ കുട്ടികളുടെ ബുദ്ധിയിൽ വരണം, നമ്മൾ സത്യ യുഗത്തിൽ പവിഴപുരിയുടെ അധികാരിയായി മാറും. ഈ ദേഹത്തിന്റെ സംബന്ധം മുതലായവയെല്ലാം ഉപേക്ഷിക്കണം. ഇപ്പോൾ നമുക്ക് പവിഴപുരിയുടെ അധികാരിയായ പവിഴനാഥനായി മാറണം, മുഴുവൻ ദിവസവും ഈ സന്തോഷമുണ്ടായിരിക്കണം. മനസ്സിലാക്കുന്നുണ്ട് - പവിഴ പുരിയെന്ന് ഏതിനെയാണ് പ റയാറ്? അവിടെ കെട്ടിടം മുതലായവയെല്ലാം സ്വർണ്ണം-വെള്ളിയുടേതായിരിക്കും. ഇവിടെയാണെങ്കിൽ കല്ലുകളുടെയും ഇഷ്ടികകളുടെയും കെട്ടിടങ്ങളാണ്. ഇപ്പോൾ നിങ്ങൾ വീണ്ടും കല്ലു ബുദ്ധിയിൽ നിന്ന് പവിഴ ബുദ്ധികളായി മാറുന്നു. കല്ലു ബുദ്ധികളെ പവിഴ ബുദ്ധിയാക്കി മാറുന്നത് പവിഴനാഥനായ ബാബ വരുമ്പോഴാണല്ലോ! നിങ്ങൾ ഇവിടെ ഇരിക്കുകയാണ്, അറിയാം നമ്മുടെ വിദ്യാലയം ഉയർന്നതിലും ഉയർന്നതാണ്. ഇതിലും വലിയ വിദ്യാലയം ഉണ്ടായിരിക്കുകയില്ല. ഈ വിദ്യാലയത്തിൽ നിങ്ങൾ പദമാ പദം ഭാഗ്യശാലിയും വിശ്വത്തിന്റെ അധികാരിയുമായി മാറുന്നു, അതിനാൽ നിങ്ങൾ കുട്ടികൾക്ക് എത്ര സന്തോഷമുണ്ടായിരിക്കണം. ഈ കല്ലുപുരിയിൽ നിന്ന് പവിഴപുരിയിലേക്ക് പോകാനുള്ളതാണ് ഈ പുരുഷോത്തമ സംഗമയുഗം. ഇന്നലെ കല്ലുബുദ്ധികളായിരുന്നു, ഇന്ന് പവിഴ ബുദ്ധികളായി മാറിക്കൊണ്ടി രിക്കുകയാണ്. ഈ കാര്യം സദാ ബുദ്ധിയിൽ ഉണ്ടായിരിക്കുകയാണെങ്കിൽ മന്മനാഭവ തന്നെയാണ്. സ്ക്കൂളിൽ ടീച്ചർ വരുന്നത് പഠിപ്പിക്കാനാണ്. വിദ്യാർത്ഥിക്ക് മനസ്സിലുണ്ടായിരിക്കും ഇപ്പോൾ ടീച്ചർ വന്നു കഴിഞ്ഞു. നിങ്ങൾ കുട്ടികളും മനസ്സിലാക്കുന്നു- നമ്മുടെ ടീച്ചറാണെങ്കിൽ സ്വയം ഭഗവാനാണ്. ഭഗ വാൻ നമ്മെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നു. അതിനാൽ തീർച്ചയായും സംഗമത്തിലേ വരുക യുള്ളൂ. ഇപ്പോൾ നിങ്ങൾക്കറിയാം, മനുഷ്യർ വിളിച്ചുകൊണ്ടേയിരിക്കുന്നുണ്ട് ഒപ്പം ആ ഭഗവാനിവിടെ വന്നു കഴിഞ്ഞു. കൽപം മുൻപും ഇങ്ങനെയുണ്ടായിരുന്നു അതുകൊണ്ടാണ് എഴുതിയിട്ടുള്ളത് വിനാശ കാലേ വിപരീത ബുദ്ധി, എന്തുകൊണ്ടെന്നാൽ അവരാണ് കല്ലു ബുദ്ധി. നിങ്ങളുടേത് വിനാശകാലത്ത് പ്രീത ബുദ്ധിയാണ്. നിങ്ങൾ പവിഴബുദ്ധികളായി മാറിക്കൊണ്ടിരിക്കുകയാണ്. അതിനാൽ മനുഷ്യർ പെട്ടെന്ന് മനസ്സിലാക്കുന്നതിനായി ഇങ്ങിനെ ഏതെങ്കിലും യുക്തി കണ്ടുപിടിക്കണം. ഇവിടെയും ഒരുപാട് പേരെ കൊണ്ടു വരുന്നുണ്ട് , പറയാറുമുണ്ട് ശിവബാബ ബ്രഹ്മാവിന്റെ ശരീരത്തിൽ വന്ന് എങ്ങനെയായിരിക്കും പഠിപ്പിക്കുന്നുണ്ടായിരിക്കുക! എങ്ങനെയായയിരിക്കും വരുന്നുണ്ടാവുക! ഒന്നും മനസ്സിലാക്കുന്നില്ല. ഇത്രയും പേർ സെന്ററുകളിൽ വരുന്നുണ്ട് നിശ്ചയബുദ്ധിയുള്ളവരല്ലേ. എല്ലാവരും പറയുന്നുണ്ട് ശിവഭഗവാനുവാ ച, ശിവൻ തന്നെയാണ് എല്ലാവരുടെയും അച്ഛൻ. കൃഷ്ണനെ എല്ലാവരുടെയും അച്ഛനെന്ന് പറയില്ലല്ലോ. ഇതിൽ സംശയിക്കേണ്ട കാര്യമില്ല. പക്ഷെ ഭാഗ്യം വൈകിയാണ് തുറക്കുന്നെതെങ്കിൽ പിന്നെ മുടന്തി പ്പോകും. കുറച്ചു പഠിക്കുന്നവരെ - ഇവർ മുടന്തരാണെന്ന് പറയാറുണ്ട്. സംശയബുദ്ധിയുള്ളവർ പുറ കിലായിപ്പോകും. നിശ്ചയബുദ്ധിയുള്ളവരും നല്ല രീതിയിൽ പഠിക്കുന്നവരും മുന്നോട്ട് കുതിച്ചുകൊണ്ടേ യിരിക്കും. എത്ര എളുപ്പത്തിലാണ് മനസ്സിലാക്കിത്തരുന്നത്. ഏതു പോലെയാണോ കുട്ടികൾ ഓടി ലക്ഷ്യ ത്തിലേക്കെത്തി പിന്നീട് തിരിച്ച് വരുന്നത് ബാബയും പറയുന്നു ബുദ്ധിയെ പെട്ടെന്ന് തന്നെ ശിവബാബയു ടെയടുത്തേക്ക് ഓടിച്ചെത്തുകയാണെങ്കിൽ സതോപ്രധാനമായി മാറും. ഇവിടെ മനസ്സിലാക്കുന്നതും നല്ല രീതിയിലാണ്. അമ്പ് കൊള്ളുന്നുണ്ട്. എന്നാലും പുറത്ത് പോകുന്നതിലൂടെ ഇല്ലാതാകുന്നു. ബാബ ജ്ഞാനത്തിന്റെ ഇൻജക്ഷൻ വെക്കുന്നു. അപ്പോളതിന്റെ ലഹരി വർദ്ധിക്കണമല്ലോ. എന്നാൽ വർദ്ധിക്ക ുന്നതേയില്ല. ഇവിടെ ജ്ഞാനമാകുന്ന അമൃത് കുടിക്കുന്നുണ്ടെങ്കിൽ അതിന്റെ പ്രഭാവമുണ്ടാകുന്നു. പുറ ത്തുപോകുന്നതിലൂടെ തന്നെയാണ് മറന്നു പോകുന്നത്. കുട്ടികൾക്കറിയാം - ജ്ഞാന സാഗരനും പതിത പാവനനുമായ സദ്ഗതി ദാതാ, മുക്തി ദാതാവും ഒരേയൊരു ബാബയാണെന്ന്. ബാബ തന്നെയാണ് ഓരോ കാര്യത്തിന്റെയും സമ്പത്ത് നൽകുന്നത്. പറയുകയാണ് കുട്ടികളേ, നിങ്ങളും പൂർണ്ണമായും സാഗ

രമായി മാറൂ. എത്രത്തോളം എന്നിൽ ജ്ഞാനമുണ്ടോ എത്രത്തോളം അത്രയും നിങ്ങളും ധാരണ ചെയ്യൂ.

ശിവബാബക്ക് ദേഹത്തിന്റെ ലഹരിയില്ല. ബാബ പറയുന്നു കുട്ടികളേ, ഞാനാണെങ്കിൽ സദാ ശാന്തമായാണിരിക്കുന്നത്. നിങ്ങൾക്കും എപ്പോഴാണോ ദേഹമില്ലാതിരുന്നത് അപ്പോൾ ലഹരിയുണ്ടായിരുന്നില്ല. ശിവബാബ ഒരിക്കലും പറയുന്നില്ല ഇത് എന്റെ വസ്തുവാണ്. ഈ ശരീരം ലോണെടുത്തതാണ്, ലോണെടുത്ത വസ്തു ഒരിക്കലും തന്റേതാവുകയില്ല. ഞാൻ ഇതിൽ പ്രവേശിച്ചിരിക്കുകയാണ്, കുറച്ച് സമയത്തേക്ക് സേവാർത്ഥം. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് തിരിച്ച് വീട്ടിലേക്ക് പോകണം,ഭഗവാനെ കാണുന്നതിനുവേണ്ടി ഓർമ്മയുടെ യാത്രയിൽ ഓടണം . ഇത്രയും യജ്ഞം-തപം മുതലായവ ചെയ്തുകൊണ്ടിരിക്കുന്നു, അത് എങ്ങനെ ലഭിക്കുമെന്ന് മനസ്സിലാക്കുന്നില്ല. മനസ്സിലാക്കുന്നു ഏതെങ്കിലുമൊക്കെ രൂപത്തിൽ ഭഗവാൻ വരും. ബാബ മനസ്സിലാക്കിത്തരുന്നത് വളരെ സഹജമാണ്, പ്രദർശിനിയിലും നിങ്ങൾ മനസ്സിലാക്കിക്കൊടുക്കൂ. സത്യ-ത്രേതായുഗത്തിന്റെ ആയുസ്സും എഴുതി വെച്ചിട്ടുണ്ട്. അതിൽ 2500 വർഷം വരെ വളരെ കൃത്യമാണ്. സൂര്യവംശികൾക്കു ശേഷം ചന്ദ്രവംശികൾ. പിന്നീട് കാണിക്കൂ രാവണന്റെ രാജ്യം തുടങ്ങി. പിന്നീട് ഭാരതം പതീതമാകാനും തുടങ്ങി. ദ്വാപര-കലിയുഗത്തിൽ രാവണ രാജ്യം തുടങ്ങി, തിയതിയും മാസവുമുണ്ട്. ഇടയിൽ സംഗമയുഗത്തെ വെക്കൂ. രഥിയും തീർച്ചയായും വേണമല്ലോ. ഈ രഥത്തിൽ പ്രവേശിച്ച് ബാബ രാജയോഗം പഠിപ്പിക്കുന്നു, അതിലൂടെ ഈ ലക്ഷ്മീ നാരായണനായി മാറുന്നു. ആർക്കും മനസ്സിലാക്കിക്കൊടുക്കുക വളരെ സഹജമാണ്. ലക്ഷ്മീ നാരായണന്റെ രാജ്യം എത്ര സമയമാണുണ്ടാവുന്നത്. ബാക്കി എല്ലാ കുലവും പരിധിയുള്ളതാണ്, ഇതാണ് പരിധിയില്ലാത്തത്. ഈ പരിധിയില്ലാത്ത ചരിത്രവും ഭൂമിശാസ്ത്രവും അറിയണമല്ലോ. ഇപ്പോൾ സംഗമയുഗമാണ്. ഇപ്പോൾ ദൈവീക രാജ്യം സ്ഥാപിക്കുകയാണ്. ഈ കല്ലുപുരിയുടേയും പഴയ ലോകത്തിന്റെയും വിനാശമാണ്. വിനാശം ഉണ്ടാകുന്നില്ലായെങ്കിൽ പുതിയ ലോകം എങ്ങനെയുണ്ടാകും. ഇപ്പോൾ പറയുന്നു ന്യൂഡൽഹി. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം പുതിയ ലോകത്തിൽ പുതിയ ഡൽഹിയാണുണ്ടാവുക. പാടാറുമുണ്ട് യമുനയുടെ തീരത്ത് കൊട്ടാരമുണ്ടാകും. എപ്പോഴാണോ ഈ ലക്ഷ്മീ നാരായണന്റെ രാജ്യമുള്ളത് അപ്പോൾ പറയും പുതിയ ഡൽഹി, പവിഴപുരി. പുതിയ രാജ്യം എങ്കിൽ സത്യയുഗത്തിൽ ലക്ഷ്മീ നാരായണന്റെ തന്നെയാണുണ്ടാവുന്നത്. ഡ്രാമ എങ്ങനെയാണ് തുടങ്ങുന്നത് എന്നതുപോലും മനുഷ്യർ മറന്നുപോയി. ആരെല്ലാമാണ് മുഖ്യ അഭിനേതാക്കൾ, അതറിയണമല്ലോ. അഭിനേതാക്കൾ ഒരുപാടുണ്ട് അതിനാൽ മുഖ്യ അഭിനേതാക്കളെ നിങ്ങൾക്കറിയാം. നിങ്ങളും മുഖ്യമായ അഭിനേതാക്കളായി മാറികൊണ്ടിരിക്കുകയല്ലേ. ഏറ്റവും മുഖ്യമായ പാർട്ട് നിങ്ങളാണ് അഭിനയിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾ ആത്മീയ സാമൂഹിക സേവകരാണ്. ബാക്കി എല്ലാ സാമൂഹിക സേവകരും ശരീരത്തിന്റെയാണ്. നിങ്ങൾ ആത്മാക്കൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നു, പഠിക്കുന്നത് ആത്മാവാണ്. മനുഷ്യർ മനസ്സിലാക്കുന്നു ശരീരമാണ് പഠിക്കുന്നത്. ആത്മാവ് ഈ കർമ്മേന്ദ്രിയങ്ങളിലൂടെയാണ് പഠിക്കുന്നത് എന്നത് ആർക്കും അറിയില്ല. നമ്മൾ ആത്മാവാണ് വക്കീൽ മുതലായവരായി മാറുന്നത്. ബാബ നമ്മെ പഠിപ്പിക്കുന്നു ,സംസ്ക്കാരവും ആത്മാവിലാണുള്ളത്. സംസ്ക്കാരം കൊണ്ടു പോകും പിന്നീട് വന്ന് പുതിയ ലോകത്തിൽ രാജ്യം ഭരിക്കും. ഏതുപോലെ സത്യയുഗത്തിൽ രാജധാനിയുണ്ടായിരുന്നുവോ അതേ പോലെ തന്നെ തുടങ്ങും. ഇതൊന്നും ചോദിക്കേണ്ട ആവശ്യമില്ല. മുഖ്യമായ കാര്യം- ദേഹാഭിമാനത്തിൽ ഒരിക്കലും വരരുത്. സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ. ഒരു വികർമ്മവും ചെയ്യരുത്. ഓർമ്മയിലിരിക്കൂ, ഇല്ലെങ്കിൽ വികർമ്മത്തിന്റെ ഭാരം 100 ഇരട്ടിയാവും. അവസ്ഥ തീർത്തും മുറിഞ്ഞു പോകുന്നു. അതിലും മുഖ്യമായ വികാരമാണ് കാമം. പലരും പറയുകയാണ് കുട്ടികൾ ഉപദ്രവിക്കുമ്പോൾ അടിക്കേണ്ടി വരുകയാണ്. ഇപ്പോൾ ഇതൊന്നും ചോദിക്കേണ്ട ആവശ്യമില്ല. ഇതിനെ ചെറിയ കാലണക്കുള്ള പാപം എന്ന് പറയും. നിങ്ങളുടെ തലയിലാണെങ്കിൽ ജന്മ ജന്മാന്തരങ്ങളുടെ പാപമുണ്ട്, ആദ്യം അതിനെയൊന്ന് ഭസ്മമാക്കൂ. ബാബ പാവനമായി മാറാനുള്ള വളരെ സഹജമായ വഴി പറഞ്ഞു തരുകയാണ്. നിങ്ങൾ ഒരു ബാബയുടെ ഓർമ്മയിലൂടെ പാവനമായി മാറൂ. ഭഗവാന്റെ വാക്കുകളാണ്- കുട്ടികളെ പ്രതി, നിങ്ങൾ ആത്മാക്കളോടാണ് സംസാരിക്കുന്നത്, വേറെ ഒരു മനുഷ്യർക്കും ഇങ്ങനെ മനസ്സിലാക്കാൻ സാധിക്കില്ല. അവർ സ്വയത്തെ ശരീരം എന്ന് തന്നെയാണ് മനസ്സിലാക്കുന്നത്. ബാബ പറയുന്നു ഞാൻ ആത്മാക്കൾക്കാണ് മനസ്സിലാക്കിത്തരുന്നത്. പാടാറുമുണ്ട്, ആത്മാക്കളുടെയും പരമാത്മാവിന്റെയും മിലനം ഉണ്ടാകും ഇതിൽ ശബ്ദത്തിന്റെയൊന്നും കാര്യമില്ല. ഇത് പഠിപ്പാണ്. ദൂരെ ദൂരെനിന്ന് ബാബയുടെയടുത്തേക്ക് വരുന്നു.ആരാണോ നിശ്ചയബുദ്ധികൾ അവർക്ക് മുന്നോട്ട് പോകവേ വളരെ ശക്തമായി ആകർഷണം ഉണ്ടാകും . ഇപ്പോൾ ഇത്രയും ആകർഷണം ആർക്കും ഉണ്ടാകുന്നില്ല. എന്തുകൊണ്ടെന്നാൽ ഓർമ്മിക്കുന്നില്ല. യാത്രയിൽ നിന്ന് എപ്പോഴാണ് മടങ്ങുന്നത്, വീടിന്റെ അടുത്തേക്ക് എത്തുന്നത് അപ്പോൾ വീട് ഓർമ്മ വരും, കുട്ടികൾ ഓർമ്മ വരും. വീടെത്തിക്കഴിയുമ്പോൾത്തന്നെ സന്തോഷത്തോടുകൂടി വന്ന് കാണും. സന്തോഷം വർദ്ധിച്ചുകൊണ്ടേയിരിക്കും. ആദ്യമാദ്യം ഭാര്യയെ ഓർമ്മ വരും പിന്നീട് കുട്ടികളെയും മക്കളെയും മറ്റും ഓർമ്മ

വരും. നിങ്ങൾക്ക് ഓർമ്മ വരും നമ്മൾ വീട്ടിലേക്ക് പോകുന്നു അവിടെ അച്ഛനും മക്കളും മാത്രമേ ഉണ്ടായിരിക്കൂ. അവിടെ ഇരട്ടി സന്തോഷമുണ്ടായിരിക്കും. ശാന്തിധാമമാകുന്ന വീട്ടിലേക്ക് പോകും. പിന്നീട് വരും രാജധാനിയിലേക്ക്. ഓർമ്മിക്കുക തന്നെ വേണം, ബാബ പറയുന്നു മന്മനാ ഭവ. സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയേയും സമ്പത്തിനെയും ഓർമ്മിക്കൂ. ബാബ നിങ്ങൾ കുട്ടികളെ പവിത്രമാക്കി മാറ്റി, കണ്ണുകളിലിരുത്തി കൂടെ കൊണ്ടു പോകുന്നു. അൽപം പോലും ബുദ്ധിമുട്ടില്ല. കൊതുകളുടെ കൂട്ടത്തെപ്പോലെ, നിങ്ങൾ ആത്മാക്കളും അങ്ങനെ ബാബയോടൊപ്പം പോകും. പാവനമാകുന്നതിന് വേണ്ടി നിങ്ങൾ ബാബയെ ഓർമ്മിക്കുന്നു, വീടിനെയല്ല.

ബാബയുടെ ദൃഷ്ടി ആദ്യമാദ്യം പാവപ്പെട്ട കുട്ടികളിലേക്കാണ് പോകുന്നത്. ബാബ പാവങ്ങളുടെ നാഥനാണല്ലോ. നിങ്ങളും ഗ്രാമത്തിൽ സേവനം ചെയ്യാൻ പോകുന്നു. ബാബ പറയുന്നു ഞാനും നിങ്ങളുടെ ഗ്രാമത്തെ വന്ന് പവിഴപുരിയാക്കി മാറ്റുന്നു. ഇപ്പോഴാണെങ്കിൽ ഇത് നരകവും പഴയ ലോകവുമാണ്. ഇതിനെ തീർച്ചയായും ഇല്ലാതാക്കണം. പുതിയ ലോകത്തിൽ പുതിയ ഡൽഹി, അത് സത്യയുഗത്തിൽ ത്തന്നെയാണ് ഉണ്ടാവുക. അവിടെ രാജ്യവും നിങ്ങളുടെതായിരിക്കും. നിങ്ങൾക്ക് ലഹരി വർദ്ധിക്കുന്നു നമ്മൾ വീണ്ടും തന്റെ രാജധാനി സ്ഥാപിക്കും, ഏതുപോലെയാണോ കൽപം മുൻപ് ചെയ്തിരുന്നത്. ഇങ്ങനെ ഒരിക്കലും പറയുകയില്ല, നമ്മൾ ഇങ്ങനെയിങ്ങനെ കെട്ടിടം ഉണ്ടാക്കും. ഇല്ല, നിങ്ങൾ അവിടെ പോയി സ്വതവേ തന്നെ അതെല്ലാം ഉണ്ടാക്കാൻ തുടങ്ങും. എന്തുകൊണ്ടെന്നാൽ ആത്മാവിൽ ആ പാർട്ട ടങ്ങിയിട്ടുണ്ട്. ഇവിടെ വെറും പഠിക്കുന്നതിന്റെ പാർട്ടാണ്. അവിടെ നിങ്ങളുടെ ബുദ്ധിയിൽ സ്വതവേ വരും, ഇങ്ങനെയിങ്ങനെ നമ്മൾ കൊട്ടാരമുണ്ടാക്കും ഏതുപോലെയാണോ കൽപം മുമ്പും ഉണ്ടാക്കിയിരുന്നത്, അതുണ്ടാക്കാൻ തുടങ്ങും. ആത്മാവിലും ആദ്യം മുതലേ അടങ്ങിയിട്ടുണ്ട്. ഏതു കെട്ടിടങ്ങളിലാണോ നിങ്ങൾ കൽപ കൽപം കഴിഞ്ഞിരുന്നത് അതേ കൊട്ടാരമുണ്ടാക്കും. ഈ കാര്യങ്ങൾ പുതിയവർക്കാർക്കും മനസ്സിലാക്കാൻ സാധിക്കില്ല. നിങ്ങൾ മനസ്സിലാക്കുന്നു നമ്മൾ വന്ന്, പുതിയ പുതിയ പോയിന്റുകൾ കേട്ട് റിഫ്രഷ് ആയി തിരിച്ച് പോകുന്നു. പുതിയ പുതിയ പോയിന്റുകൾ വരുന്നു, അതും ഡ്രാമയിലടങ്ങിയിട്ടുണ്ട്.

ബാബ പറയുന്നു കുട്ടികളേ, ഞാനീ കാളയാകുന്ന രഥത്തിൽ സദാ സവാരി ചെയ്യുന്നു, ഇതിൽ എനിക്ക് ഒരു സുഖവും ലഭിക്കുന്നില്ല. ഞാനാണെങ്കിൽ നിങ്ങൾ കുട്ടികളെ പഠിപ്പിക്കാനാണ് വരുന്നത്. കാളയിൽ സവാരി ചെയ്ത് ഇരിക്കുക തന്നെയാണ് എന്നല്ല. രാത്രിയും പകലും കാളയിൽ സവാരി ചെയ്യുമോ? ബാബയുടേതാണെങ്കിൽ സെക്കന്റിലുള്ള വരവും പോക്കുമാണ്. സദാ ഇരിക്കാനുള്ള നിയമമില്ല. ബാബ എത്ര ദൂരെ നിന്നാണ് പഠിപ്പിക്കുന്നതിന് വേണ്ടി വരുന്നത്, ബാബയുടെ വീട് അത് തന്നെയല്ലേ. മുഴുവൻ ദിവസവും ശരീരത്തിൽത്തന്നെ ഇരിക്കില്ലല്ലോ, ബാബക്ക് സുഖം തന്നെ തോന്നില്ല. തത്ത കൂട്ടിൽ കുടുങ്ങികിടക്കുന്നത് പോലെയാണ്.നിങ്ങൾക്ക് മനസ്സിലാക്കിത്തരുന്നതിന് ഞാൻ ഈ ശരീരം ലോണായി എടുക്കുകയാണ്. നിങ്ങൾ പറയും ജ്ഞാനസാഗരനായ ബാബ ഞങ്ങളെ പഠിപ്പിക്കുന്നതിന് വേണ്ടി വരികയാണ്. സന്തോഷം കൊണ്ട് രോമാഞ്ചം കൊള്ളണം. ആ സന്തോഷം പിന്നീട് കുറയാനൊന്നും പാടില്ലല്ലോ. ഈ ഉടമസ്ഥൻ സ്ഥിരമായി ഇരിക്കുകയാണ്. ഒരു കാളയിൽ രണ്ടു പേരുടെ സവാരി സദാ ഉണ്ടായിരിക്കുമോ? ശിവബാബ വസിക്കുന്നത് തന്റെ ധാമത്തിലാണ്. ഇവിടെ വരുന്നു, വരാൻ വൈകുന്നില്ല. റോക്കറ്റ് നോക്കൂ എത്ര ശക്തിശാലിയാണ്. ശബ്ദത്തേക്കാളും ശക്തിശാലിയാണ്. ആത്മാവും വളരെ ചെറിയൊരു റോക്കറ്റാണ്. ആത്മാവ് ഓടുന്നതെങ്ങനെയാണ്, ഇവിടെ നിന്ന് പെട്ടെന്ന് ലണ്ടനിലേക്ക് പോകുന്നു. ഒരു സെക്കന്റിൽ ജീവൻ മുക്തി എന്ന് പാടാറുണ്ട്. ബാബയും സ്വയം റോക്കറ്റാണ്. പറയുകയാണ് ഞാൻ നിങ്ങളെ പഠിപ്പിക്കാനാണ് വരുന്നത്. പിന്നീട് പോകുന്നത് എന്റെ വീട്ടിലേക്കാണ്. ഈ സമയം വളരെ ബിസിയാണ്. ദിവ്യ ദൃഷ്ടി ദാതാവാണ്, അതിനാൽ ഭക്തരെ സന്തുഷ്ടമാക്കേണ്ടി വരുന്നു. നിങ്ങളെ പഠിപ്പിക്കുന്നു. ഭക്തർക്ക് സാക്ഷാത്ക്കാരമുണ്ടാകണം എന്ന ആഗ്രഹമുണ്ടായിരിക്കും അല്ലെങ്കിൽ എന്തെങ്കിലുമൊക്കെ ഭിക്ഷയുടെ രൂപത്തിൽ യാചിക്കുന്നു. ഏറ്റവും കൂടുതൽ ഭിക്ഷ ജഗദംബയോടാണ് യാചിക്കുന്നത്. നിങ്ങൾ ജഗദംബയല്ലേ. നിങ്ങൾ വിശ്വത്തിന്റെ ചക്രവർത്തിയുടെ ഭിക്ഷ നൽകുകയാണ്. പാവപ്പെട്ടവർക്ക് ഭിക്ഷ ലഭിക്കുന്നുണ്ടല്ലോ. നമ്മളും പാവപ്പെട്ടവരാണ് അതിനാൽ ശിവബാബയും സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവി ഭിക്ഷയായി നൽകുന്നു. ഭിക്ഷ വേറൊന്നുമല്ല, ഇത്രയേ പറയുന്നുള്ളൂ ബാബയെ ഓർമ്മിക്കൂ എന്നാൽ വികർമ്മം വിനാശമാകും, ശാന്തിധാമത്തിലേക്ക് പോകും. ഞാൻ ഉറപ്പു നൽകുകയാണ് എന്നെ ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ ആയുസ്സ് പോലും വർദ്ധിക്കും. സത്യയുഗത്തിൽ മരണത്തിന്റെ പേരുപോലുമുണ്ടാകില്ല. അത് അമരലോകമാണ്, അവിടെ മൃത്യുവിന്റെ പേരു പോലും ഉണ്ടായിരിക്കില്ല. ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുന്നു, ഇതിനെ മരണമെന്ന് പറയുമോ! അത് അമരപുരിയാണ്. സാക്ഷാത്ക്കാരമുണ്ടാകുന്നു എനിക്ക് കുട്ടിയായി മാറണം. സന്തോഷത്തിന്റെ

കാര്യമാണ്. ബ്രഹ്മാബാബക്ക് ആഗ്രഹം തോന്നുന്നു ഇപ്പോൾ പോയി കുട്ടിയായി മാറും. അറിയാം വായിൽ സ്വർണ്ണക്കരണ്ടിയായിരിക്കും. ഒരേയൊരു അരുമയായ ബാബയുടെ കുട്ടിയാണ്. ബാബ ദത്തെടുത്തിരിക്കുകയാണ്. ഞാൻ അരുമയായ കുട്ടിയാണ്, അതിനാൽ ബാബ എത്ര സ്നേഹിക്കുന്നു. പെട്ടെന്ന് പ്രവേശിക്കുന്നു. ഇതും കളി തന്നെയല്ലേ. കളിയിൽ എപ്പോഴും സന്തോഷമാണുണ്ടായിരിക്കുക. ഇതും അറിയാം തീർച്ചയായും വളരെ വളരെ ഭാഗ്യശാലിയായ രഥമായിരിക്കും. ജ്ഞാനത്തിന്റെ സാഗരൻ എന്ന് മഹിമയുള്ളത് പോലെ, ഇതിൽ പ്രവേശിച്ച് നിങ്ങൾക്ക് ജ്ഞാനം നൽകുന്നു. നിങ്ങൾ കുട്ടികൾക്ക് വേണ്ടി ഈ സന്തോഷം തന്നെയാണ് -ഭഗവാൻ വന്ന് പഠിപ്പിക്കുന്നു. ഭഗവാൻ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നു. നമ്മൾ അവരുടെ കുട്ടികളാണ്. അതിനാൽ പിന്നെ നമ്മൾ എന്തുകൊണ്ട് നരകത്തിലിരിക്കണം! ഇത് ആരുടെയും ബുദ്ധിയിൽ വരുന്നില്ല. നിങ്ങൾ ഭാഗ്യശാലികളാണ് വിശ്വത്തിന്റെ അധികാരിയായി മാറുന്നതിന് വേണ്ടി പഠിക്കുകയാണ്. ഇങ്ങനെയുള്ള പഠിപ്പിൽ എത്ര ശ്രദ്ധ കൊടുക്കണം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുളള മുഖ്യമായ സാരം

1. ഈ ഡബിൾ സന്തോഷത്തിൽത്തന്നെയിരിക്കണം ഇപ്പോൾ യാത്ര പൂർത്തിയായി, ആദ്യം നമ്മൾ നമ്മുടെ വീടായ ശാന്തിധാമത്തിലേക്ക് പോകും. പിന്നീട് തന്റെ രാജധാനിയിലേക്ക് വരും.

2. ശിരസ്സിലുള്ള ജന്മ ജന്മാന്തരങ്ങളിലെ പാപങ്ങളുടെ ഭാരത്തെ ഭസ്മമാക്കണം. ദേഹാഭിമാനത്തിൽ വന്ന് ഒരു വികർമ്മവും ചെയ്യരുത്.

## വരദാനം- ശ്രേഷ്ഠസങ്കൽപങ്ങളുടെ സഹയോഗത്തിലൂടെ സർവ്വരിലും ശക്തി നിറക്കുന്ന ശക്തിശാലി ആത്മാവായി ഭവിക്കട്ടെ.

സദാ ശക്തിശാലിയായി ഭവിക്കട്ടെ എന്ന വരദാനത്തെ പ്രാപ്തമാക്കിക്കൊണ്ട് ശ്രേഷ്ഠ സങ്കൽപങ്ങളിലൂടെ എല്ലാ ആത്മാക്കളിലും ശക്തി നിറക്കുന്ന സേവനം ചെയ്തുകൊണ്ടിരിക്കൂ. എങ്ങിനെയാണോ സൂര്യന്റെ ശക്തികളെ ശേഖരിച്ച് പലകാര്യങ്ങൾക്കും ഉപയോഗിക്കുന്നത് അതുപോലെ ശ്രേഷ്ഠസങ്കൽപങ്ങളുടെ ശക്തി വളരെയധികം ശേഖരിക്കണം.അതിലൂടെ മറ്റുള്ളവരുടെ സങ്കൽപങ്ങളിലും ബലം നിറക്കണം.ഈ സങ്കൽപങ്ങൾ ഇൻജക്ഷനെപ്പോലെയാണ് പ്രവർത്തിക്കുക.ഇതിലൂടെ ആന്തരിക മനോഭാവത്തിൽ ശക്തി വരാൻ തുടങ്ങും.അതിനാലിപ്പോൾ ശ്രേഷ്ഠഭാവനയിലൂടേയും ശ്രേഷ്ഠസങ്കൽപത്തിലൂടേയും പരിവർത്തനം കൊണ്ടുവരണം.ഇപ്പോൾ ഇങ്ങിനെയുള്ള സേവനങ്ങളുടെ ആവശ്യമാണ് ഉള്ളത്.

## സ്ലോഗൻ-മാസ്റ്റർ ദുഃഖഹർത്താവായി മാറി ദുഃഖത്തെപ്പോലും സുഖത്തിലേക്ക് പരിവർത്തനം ചെയ്യുക എന്നതാണ് താങ്കളുടെ ശ്രേഷ്ഠ കർത്തവ്യം.

**അവ്യക്തസൂചന-സങ്കൽപശക്തിയെ ശേഖരിച്ച് ശ്രേഷ്ഠസേവനങ്ങൾക്ക് നിമിത്തമാകൂ.**

പലപ്പോഴും കുട്ടികൾ കളിക്കുന്നതായി കാണാറുണ്ട്.വ്യർത്ഥ സങ്കൽപങ്ങൾ വലിയഫോഴ്സിൽ വരുമ്പോൾ അവയെ നിയന്ത്രിക്കാൻ കഴിയാത്തതിനാൽ ആ സമയത്ത് എന്തുചെയ്യാം,പറ്റിപ്പോയി,അവ വന്നു അത് ചെയ്തു എന്നൊക്ക പറയുന്നു.പക്ഷേ വ്യർത്ഥത്തെ നി.ന്ത്രിക്കാൻ കൺട്രോളിങ് പവറാണ് വേണ്ടത്.എങ്ങിനെയാണോ ഒരു സമർത്ഥ സങ്കൽപത്തിന്റെ ഫലം കോടിമടങ്ങായി ലഭിക്കുന്നത് അതുപോലെതന്നെ ഒരുവ്യർത്ഥ സങ്കൽപത്തിന്റെ കർമ്മക്കണക്കായി ഉദാസീനരാവുക,നിരാശ അനുഭവപ്പെടുക,സന്തോഷമില്ലാതാവുക എന്നിവ വളരെ മടങ്ങുകളായി കർമ്മക്കണക്കിന്റെ രൂപത്തിൽ അനുഭവം ചെയ്യേണ്ടിവരും.